.
"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - കോട്ടയം ഗവൺമെന്റ് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.എൻ.മനുകുമാറിന് ശൂന്യവേതനാവധി അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.168/2024/HEDN തീയതി,തിരുവനന്തപുരം, 03-02-2024

---

പരാമർശം:-

1. സർക്കാർ വനിത കോളേജ് പ്രിൻസിപ്പലിന്റെ 18.10.2016, 17.05.2023, 27.12.2023 തീയതികളിലെ ബി1/2644/2016 സ.വ.കോ നമ്പർ നടപടി ക്രമങ്ങൾ.
2. അക്കൗണ്ടന്റ് ജനറൽ കോട്ടയത്തിന്റെ 15.06.2023 - ലെ GE X/NM-499/125 നമ്പർ കത്ത്.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 11.10.2023 ,17.01.2024 തീയതികളിലെ എ1/53175/2022/കോ.വി.വ നമ്പർ കത്തുകൾ

ഉത്തരവ്

പരാമർശം (1) ലെ 18.10.2016 - ലെ നടപടിക്രമം പ്രകാരം കോട്ടയം ഗവണ്മെന്റ് കോളേജിലെ കെമിസ്ട്രി വിഭാഗം അധ്യാപകൻ ശ്രീ മനുകുമാർ.എൻ - ന് 08.08.2016 മുതൽ 06.09.2016 വരെ കെ.എസ്.ആർ പാർട്ട് 1 റൂൾ 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച ഉത്തരവായിരുന്നു. മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയാണ് താൻ അവധി അപേക്ഷ സമർപ്പിച്ചിരുതെന്നും എന്നാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അല്ലാതെയുള്ള ശൂന്യവേതനാവധി അനുവദിച്ചതിനെതുടർന്ന് പ്ലേസ്മെന്റ് ഉൾപ്പെടെയുള്ള സർവീസ് ആനുകൂല്യങ്ങളെ സാരമായി ബാധിച്ച എന്നും ആയതിനാൽ മെഡിക്കൽ ഗ്രൗണ്ടിലുള്ള ശൂന്യവേതനാവധിയായി ആയത് തിരുത്തി നൽകണമെന്നും ശ്രീ.എൻ.മനുകുമാർ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 18.10.2016 - ലെ നടപടി ക്രമം,മെഡിക്കൽ ഗ്രൗണ്ടിലുള്ള ശൂന്യവേതനാവധിയായി പരാമർശം (1) ലെ 17.05.2023 - ലെ നടപടിക്രമം പ്രകാരം പുതുക്കി ഉത്തരവാകുകയും ചെയ്തിരുന്നു.

2. എന്നാൽ, കെ.എസ്.ആർ ഭാഗം I ചട്ടം 89 പ്രകാരം ഒരിക്കൽ അനുവദിച്ചിരുന്ന അവധി ഒരു വർഷത്തെ കാലാവധിയ്ക്ക് ശേഷം പരിവർത്തനം ചെയ്യാൻ കഴിയില്ലെന്ന് പരാമർശം (2) - ലെ കത്ത് പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചിരുന്നു.

3. അവധിയുടെ സ്വഭാവം മാറ്റുന്നതിനല്ല, മറിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റോട് കൂടിയ ശൂന്യവേതനാവധി എന്ന് രേഖപ്പെടുത്താൻ വിട്ടു പോയത് തിരുത്തുന്നതിന് വേണ്ടിയാണ് ശ്രീ.മനുകുമാർ.എൻ അപേക്ഷ സമർപ്പിച്ചിരുന്നതെന്നും, ആയതിനാൽ സർക്കാർ വനിതാ കോളേജ് പ്രിൻസിപ്പാളിന്റെ പുതിയ നടപടി ക്രമം വസ്തുതാപരമാണെന്നും, ടിയാന് അനുവദിച്ചിരുന്ന ശൂന്യവേതനാവധിയുടെ ഗ്രൗണ്ട് രേഖപ്പെടുത്താൻ വിട്ടു പോയതിനാൽ അവധികാലയളവ് സർവ്വീസ് കാലയളവായി പരിഗണിക്കാത്ത സാഹചര്യമാണെന്നും,ഈ നടപടി ടിയാന്റെ സേവനത്തെ ബാധിക്കുമെന്നതിനാൽ തെറ്റ് തിരുത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി അനുമതി നൽകണമെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) - ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.എൻ.മനുകുമാർ 08.08.2016 മുതൽ 06.09.2016 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ചിരുന്ന അവധി അപേക്ഷയിൽ അവധിയുടെ സ്വഭാവവും ഗ്രൗണ്ടും മെഡിക്കൽ എന്ന് സൂചിപ്പിച്ചിട്ടുള്ളതിനാലും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും, അവധി കാലയളവിന് ശേഷം മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലിയിൽ പുനഃപ്രവേശിച്ചിട്ടുള്ളതിനാലും ടിയാന് 08.08.2016 മുതൽ 06.09.2016 വരെ ശൂന്യവേതനാവധി അനുവദിച്ചിരുന്ന പരാമർശം (1) ലെ 18.10.2016, 17.05.2023 - ലെ നടപടി ക്രമങ്ങൾ റദ്ദ് ചെയ്ത് സർക്കാർ വനിത കോളേജ് പ്രിൻസിപ്പൽ പരാമർശം (1) ലെ 27.12.2023 - ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും, കോട്ടയം ഗവണ്മെന്റ് കോളേജിലെ കെമിസ്ട്രി വിഭാഗം അധ്യാപകനായ ശ്രീ മനുകുമാർ.എൻ - ന് 08.08.2016 മുതൽ 06.09.2016 വരെ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജിമോൾ കെ ചാക്കോ

അണ്ടർ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ (വിദ്യാഭ്യാസ - സി) വകുപ്പ് (E 2307177 ) EDN-C5/130/2022-FIN തീയതി 25.01.2023 നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (F2/214/2022-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Asoka Kumari L
Date: 05-02-2024 12:58:53

സെക്ഷൻ ഓഫീസർ